**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2248** **21-06-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ നടപടി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്</td><td colspan="2">ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കേരളത്തിന്റെ പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;</td><td>(എ)</td><td>ഭക്ഷ്യഭദ്രതനിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വരുത്തിയ ശേഷം ആകെയുള്ള 3.34 കോടി ഗുണഭോക്താക്കളിൽ 43% പേർക്ക് താഴെ പറയുന്ന വിധത്തിൽ സബ്സിഡി നിരക്കിൽ ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്തു വരുന്നുണ്ട്.<br><br>
<table>
<tr><td>എഎവൈ</td><td>30 Kg അരി സൗജന്യമായി, ഗോതമ്പ്, ആട്ട, റാഗി എന്നിവയുൾപ്പടെ 5 Kg (പരമാവധി 2 പാക്കറ്റ് ആട്ട, 1 പാക്കറ്റ് റാഗി) ആട്ട 7-രൂപ/പാക്കറ്റ്, റാഗി 8-രൂപ / പാക്കറ്റ് നിരക്കിലും</td></tr>
<tr><td>പി.എച്.എച്ച്</td><td>കാർഡിലെ ഒരോ അംഗത്തിനും 4 കിലോ അരി വീതം സൗജന്യമായും, 1 Kg ഗോതമ്പ് / ആട്ട / റാഗി (കാർഡിന് പരമാവധി 3 പാക്കറ്റ് അട്ട അല്ലെങ്കിൽ 1 പാക്കറ്റ് റാഗി) ആട്ട 9-രൂപ/പാക്കറ്റ്, റാഗി 10-രൂപ/ പാക്കറ്റ് നിരക്കിലും</td></tr>
</table>
<br>ബാക്കിയുള്ള 57 % കാർഡ് ഹോൾഡർമാരെ താഴെ പറയുന്ന രീതിയിൽ തിരിച്ച് അതോടൊപ്പം കൊടുത്തിരിക്കുന്ന നിരക്കിൽ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്ത് വരുന്നു.<br><br>
<table>
<tr><td>എൻ.പി.എസ്</td><td>ഒരോ അംഗത്തിനും 2 Kg അരി 4 രൂപ/Kg</td></tr>
<tr><td>എൻ.പി.എൻ.എസ്</td><td>5 Kg അരി 10.90 രൂപ /Kg (നിലവിലെ വിതരണതോത്)</td></tr>
<tr><td>എൻ.പി. ഐ.</td><td>2 Kg അരി 10.90 രൂപ/Kg</td></tr>
</table>
<br>കേന്ദ്ര സർക്കാർ സബ്സിഡി നൽകുന്നതിന് AAY, PHH വിഭാഗങ്ങൾക്ക് മാത്രമാണ്. കേന്ദ്ര സർക്കാർ 8.30-രൂപ/Kg</td></tr>
</table>

നിരക്കിൽ നൽകുന്ന tide-over അരിയിൽ നിന്നും സംസ്ഥാന സർക്കാർ 4.30-രൂപ/Kg രൂപ സബ്സിഡി വഹിച്ചാണ് NPS വിഭാഗങ്ങൾക്ക് 4-രൂപ/Kg നിരക്കിൽ അരി വിതരണം ചെയ്യുന്നത്.

സംസ്ഥാനത്തെ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നോൺ പ്രയോറിറ്റി ഇൻസ്റ്റിട്യൂഷൻ (NPI) കാർഡുകൾ അനുവദിച്ച് ഒരു കാർഡിന് പ്രതിമാസം 2 Kg അരി 10.90/-രൂപ നിരക്കിൽ വിതരണം ചെയ്യുന്നത് വഴി ടി വിഭാഗത്തെ ഭക്ഷ്യസുരക്ഷയുടെ പരിധിയിൽ കൊണ്ട് വരുവാൻ സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ മുൻഗണന വിഭാഗത്തിലെ ഗുണഭോക്താക്കളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി പൊതുവിതരണ സംവിധാനം വഴി ചെറുധാന്യമായ റാഗിയുടെ വിതരണം ആരംഭിച്ചു. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന റാഗി പൊടിച്ച് പാക്കറ്റ് ആക്കി AAY, PHH വിഭാഗത്തിന് വിതരണം ചെയ്തു വരുന്നു.

സംസ്ഥാനത്തെ ആദിവാസി ഗോത്രവർഗ്ഗ മേഖലകളിൽ റേഷൻ ഭക്ഷ്യധാന്യം നേരിട്ടെത്തിക്കുന്നതിന് സഞ്ചരിക്കുന്ന റേഷൻകട പദ്ധതി ആരംഭിച്ചു. നിലവിൽ 10 ജില്ലകളിലായി 19 താലൂക്കുകളിൽ സഞ്ചരിക്കുന്ന റേഷൻകടകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാനത്ത് 'അങ്ങേയറ്റം ദരിദ്രരായ' കിടപ്പുരോഗികളായ റേഷൻ കാർഡുടമകൾക്ക് റേഷൻ കടകളിൽ നിന്ന് റേഷൻ സാധനങ്ങൾ അതത് പ്രദേശത്തെ ആട്ടോ തൊഴിലാളികളുടെ സഹകരണത്തോടെ ഭക്ഷ്യധാന്യങ്ങൾ വീട്ടിലെത്തിക്കുന്നതിനായി 'ഒപ്പം' എന്ന പേരിൽ സർക്കാർ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്, ഒപ്പം പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് അവരുടെ റേഷൻ സാധനങ്ങൾ എല്ലാ മാസവും 10 നു മുമ്പ് സൗജന്യമായി വീട്ടിൽ എത്തിക്കും.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പട്ടിണി നിർമാർജനം ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടി വിശപ്പുരഹിത കേരളം പദ്ധതി ആരംഭിക്കുകയും പദ്ധതിയുടെ ഭാഗമായി ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിൽ ആവശ്യക്കാർക്ക് നൽകുന്നതിലേക്കായി സുഭിക്ഷാ ഹോട്ടലുകൾ ആരംഭിക്കുകയും ഉണ്ടായി. സുഭിക്ഷ ഹോട്ടലുകളിൽ ഉച്ചഭക്ഷണം പാകം ചെയ്ത് വിതരണം ചെയ്യുന്നതിന് കുടുംബശ്രീകൾ, സഹകരണ സംഘങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവരുമായി കരാർ ഉണ്ടാക്കി സർക്കാർ നിർദേശ പ്രകാരം 20/- രൂപയ്ക്ക് ഉച്ചഭക്ഷണം നൽകി വരുന്നു. പ്രതിമാസം ഏകദേശം 3.5 ലക്ഷത്തോളം ജനങ്ങൾക്ക് സുഭിക്ഷ ഹോട്ടലുകളുടെ പ്രയോജനം ലഭിച്ചു വരുന്നു.

| | | | |
|---|---|---|---|
| | | | മുൻഗണനാ വിഭാഗം കാർഡുകൾ കൈവശം വച്ച് റേഷൻ അനുകൂല്യങ്ങൾ അനർഹമായി കൈപ്പറ്റുന്നുവെന്ന വ്യാപകപരാതി ലഭിച്ചതിൻ പ്രകാരം പൊതുജനങ്ങളുടെ സഹായത്തോടെ മുൻഗണനാ വിഭാഗത്തിലെ അനർഹരെ കണ്ടെത്തി അവരുടെ കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റുന്നതിനും, അപ്രകാരമുണ്ടാകുന്ന ഒഴിവുകളിൽ അർഹരായ കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന്റെയും ഭാഗമായിട്ടാണ് 'ഓപ്പറേഷൻ യെല്ലോ' എന്ന പേരിൽ ഒരു പരിശോധനാ പരിപാടി പൊതുവിതരണ വകുപ്പ് ആരംഭിച്ചത്.<br><br>പൊതുജനങ്ങൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിലേക്കായി ഭക്ഷ്യ സുരക്ഷാ ശൃഖലകളായ PDS , ICDS, MDMS എന്നീ പദ്ധതികൾ പ്രകാരം വിതരണം നടത്തിവരുന്ന അരി, മൂന്ന് സൂക്ഷ്മ പോഷകങ്ങളായ അയൺ, ഫോളിക് ആസിഡ്, വിറ്റാമിന് ബി 12 എന്നിവ ചേർത്ത് സമ്പുഷ്ടീകരിച്ച് ലഭ്യമാക്കുന്ന പദ്ധതിയാണ് റൈസ് ഫോർട്ടിഫിക്കേഷൻ. നിലവിൽ സംസ്ഥാനത്തെ എല്ലാ റേഷൻ കടകൾ വഴിയും ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യുന്നുണ്ട്.<br><br>ആധാർ അധിഷ്ഠിത പൊതുവിതരണ സമ്പ്രദായം സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ റേഷൻ കാർഡിലെയും അംഗങ്ങളുടെ ആധാർ നമ്പർ റേഷൻ കാർഡുമായി ലിങ്ക് ചെയ്തു. റേഷൻ കടകളിൽ e-PoS മെഷീൻ ഉപയോഗിച്ച് ബയോമെടിക് സംവിധാനത്തിലൂടെ റേഷൻ വിതരണം ആരംഭിച്ചതോടെ റേഷൻ ഭക്ഷ്യധാന്യത്തിന്റെ ദുരുപയോഗം പൂർണ്ണമായും ഇല്ലാതാക്കുവാൻ സാധിച്ചു.<br><br>സംസ്ഥാനത്തെ പൊതുവിതരണ ശൃഖലയെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ ജനോപകാരപ്രദമാക്കി ശക്തിപ്പെടുത്തുന്നതിനായി പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻ കടകളെ ഉൾപ്പെടുത്തിക്കൊണ്ട് കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിലവിൽ റേഷൻ കടകൾ വഴി നല്കി വരുന്ന സേവനങ്ങൾക്ക് പുറമേ സി.എസ്.സി(CSC) സേവനങ്ങൾ ഉൾപ്പടെ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും നിത്യോപയോഗ സാധനങ്ങളുടെ വിപണനവും നടപ്പാക്കുന്നത് വഴി റേഷൻ കട ഉടമകൾക്ക് ഒരു അധിക വരുമാന മാർഗമാണ് കെ-സ്റ്റോർ പദ്ധതി കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ബി) | ഇക്കാര്യത്തിലുള്ള കേന്ദ്ര അവഗണന അവസാനിപ്പിക്കാൻ നിയമ നടപടികൾ ഉൾപ്പെടെ സ്വീകരിക്കാൻ തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | സംസ്ഥാനത്തെ പൊതുവിതരണ സംവിധനത്തെ ദോഷകരമായി ബാധിക്കുന്ന കേന്ദ്രനയങ്ങൾ പുന:പരിശോധിക്കുവാൻ മന്ത്രിതലത്തിലും, സെക്രട്ടറി തലത്തിലും കേന്ദ്രസർക്കാരിനോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ